# ദൈവീക ആശയവിനിമയ മാർഗ്ഗങ്ങൾ

ആലയത്തിൽ ജനം കൂടിവരുവാനുള്ള മുന്നറിയിപ്പുകൾ നൽകുന്നതാണ് ആലയമണികൾ. ആരാധനയുടെ മണിനാദവും , ചരമഅറിയിപ്പിന്റെ മണിനാദവും , അപകടസമയങ്ങളിൽ പെട്ടെന്നുള്ള കൂടിവരവിനായി ഉയർത്തുന്ന മണിനീദവും തമ്മിൽ വൈവിദ്ധ്യമുണ്ടെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതുപോലെ പഴയനിയമകാലത്ത് മരുഭൂയാത്രയിൽ തന്റെ ജനത്തോടുകൂടെ നടന്ന ദൈവം അവർക്കുള്ള മുന്നറിയിപ്പ് നൽകിയത് മേഘപ്രത്യക്ഷതയിൽ കൂടെ ആയിരുന്നു. (സംഖ്യ :9:15-23) മേഘസംബന്ധമായ നിർദ്ദേശങ്ങൾക്കു തൊട്ടു പിൻപേ കാഹള സംബന്ധമായ നിർദ്ദേശങ്ങളും നൽകിത്തുടങ്ങി.

ആദ്യമായി ജനം സ്വർഗ്ഗീയകാഹലനാദവും അതിലെ വൈവിദ്ധ്യങ്ങളും ദർശിച്ചത് ദൈവം സീനായ് പർവ്വതത്തിൽ പ്രത്യക്ഷപ്പെട്ടപ്പോളായിരുന്നു. ജനത്തിന്റെ കൂടിവരവിനായി ദീർഘധ്വനിയും (പുറ:19:13) യഹോവ പർവ്വതമുകളിലിറങ്ങിയപ്പോഴുള്ള മഹാഗംഭീരനാദവും (പുറ:19:15-19) ജനം കേട്ടു. സ്വർഗ്ഗീയ കാഹളം സ്വർഗ്ഗീയദൂതൻമാരാണ് ഊതുന്നത്.

(എന്തിനാണ് അവൻ മേഘതമസ്സിൽ പ്രത്യക്ഷനാകുന്നത്- പുറ:(19-9)

ജനത്തെ അവന്റെ വരവിനായി ഒരുക്കുന്നത് എപ്രകാരമെന്ന് യഹോവ മോശയ്ക്ക് നിർദ്ദേശം നൽകി -

പുറ (19:10,11,14,15) മൂന്നാംദിവസം മോശ സീനായ് പർവ്വതത്തിൽ കയറി)

(താഴ്വരയിലെ പ്രസംഗമായ രക്ഷ, മാനസാന്തരം വിശുദ്ധീകരണം ഇവയിൽ ഒതുങ്ങി ഈ ജനത്തെപ്പോലെ പർവ്വതത്തിന്റെ അടിവാരത്തിൽ നില്ക്കണമോ അതോ മുകളിലെത്തണോ? നാം തന്നെയാണ് തീരുമാനിക്കേണ്ടത്)

രണ്ട് തരത്തിൽ കാഹളം ഉണ്ടാക്കിയിരുന്നു.

1. ആട്ടിൻകൊമ്പുകൊണ്ടുള്ളത് - യോശു :(6:13) (യോശുവ 6:1-20) വായിക്കുക.

യെറിഹോ തകർക്കുവാൻ കാഹളം ഊതിയത് -7 പുരോഹിതൻമാർ

ഏഴാം മുദ്ര പൊട്ടിയപ്പോൾ (7 കാഹളം)ഊതിയത് - ഏഴു ദൂതൻമാർ (വെളി.8:1,2)

(ഇവ നിഴലും പൊരുളുമാണ്)

രണ്ടാമതായി -കാഹളം ഉണ്ടാക്കിയത് 1/2 ശേക്കൽ വെള്ളിവച്ചായിരു്ന്നു.

സാക്ഷ്യ കൂടാരത്തിൽ നിന്നും പാളയത്തിന്റെ അതിവിദൂരതവരെയുള്ള ജനത്തെ വിവരങ്ങൾ ധരിപ്പാൻ ദൈവം ഏർപ്പെടുത്തിയ മറ്റോരു ആശയവിനിമയ മാർഗ്ഗമായിരുന്നു വെള്ളികാഹള നാദം, കാഹളത്തിന്റെ പ്രത്യേകധ്വനികൾ മൂലം വിവരങ്ങൾ ജനത്തെ അറിയിക്കേണ്ട ചുമതല പുരോഹി

തൻമാർക്കായിരുന്നു. ഈ നാദം കേൾക്കാതെ കൂടിവരുവാൻ അവർക്ക് അനുവാദമില്ലായിരുന്നു. ഏതെല്ലാം കൂടിവരവിനാണ് കാഹളം ഊതിയത്- സംഖ്യ (10:2:10) നേരത്തേ നടത്തിയ ആശയവിനിമയം മേഘപ്രത്യക്ഷതയിൽ കൂടെ ആയിരുന്നു. (സംഖ്യ (9:15-23)

(വെള്ളി വീണ്ടെടുപ്പിനെ കാണിക്കുന്നു) ദൈവീക വ്യവസ്ഥകൾക്ക് കോട്ടം തട്ടാത്തവിധത്തിൽ പരിപൂർണ്ണ അനുസരണത്തോടെയാണ് ആ മഹാ പുരുഷാരത്തിലെ ഓരോ വ്യക്തിയും ചലിച്ചത്. മനുഷ് ഹൃദയം സ്വർഗ്ഗീയ അധികാരത്തിന് വഴങ്ങാത്ത ഒരു കാലയളവിലാണ് നാം ജീവിക്കുന്നത് .സ്വന്തജീവൻ മറുവിലയായി നൽകി അവൻ നമ്മെ വീണ്ടെടുത്തിട്ട് പോലും അവന്റെ വാക്കുകൾ മുൻവിധിയോടെയാണ് നാം കേൾക്കുന്നത് . ന്യായങ്ങളും , യുക്തിവാദങ്ങളും നിരത്തി അവനെ നാം വേദനിപ്പിക്കുന്നു. മാറ്റമില്ലാത്ത തിരുവചനമാണ് നമ്മുടെ വെള്ളികാഹളധ്വനി.

കാഹളം ഊതുവാൻ ആര് ആരെ നിയോഗിച്ചു? - യിരെ (6:17-19) മറുതലിച്ചാലുള്ള ശിക്ഷയും ഇവിടെ വ്യക്തമാണ്.കാവല്ക്കാരന് യഹോവ നല്കിയ നിർദ്ദേശം അനുസരിച്ചാലും ഇല്ലെങ്കിലും എന്തു സംഭവിക്കുമെന്നറിയുവാൻ വായിക്കുക - യെഹ 33

ക്രിസ്തീയ വിശ്വാസികൾ പ്രശ്നങ്ങളുടെ മുമ്പിൽ നട്ടം തിരിയുന്നതിന് രണ്ട് കാരണങ്ങൾ ഉണ്ട്

1. കേൾക്കുവാൻ പരിച്ഛേദനയുള്ള കാതുകളില്ല.

2. നമ്മുടെ ഹൃദയം അവനെ അനുസരിപ്പാൻ തയ്യാറാകണം.

തിരുവെഴുത്ത് തള്ളിക്കളയുന്നവൻ വിശ്വാസജീവിതത്തിൽ വളർച്ചപ്രാപിക്കുന്നില്ല. അല്ലെങ്കിൽ പുരോഗമനം തെറ്റാദിശയിലേക്കാകുന്നു. വളർച്ചയില്ലാത്തതിലും ദോഷം തെറ്റായദിശയിൽ വളരുന്നതാണ്. നമ്മുടെ യാത്ര ശരിയായ ദിശയിലാകുവാൻ തക്കവണ്ണം വചനം ശ്രദ്ധിക്കുക,

കൈക്കൊള്ളുക, അനുസരിക്കുക.